

# വായ്ത്തല പോകുന്ന സമരായുധങ്ങൾ

**ലോക്പാൽ** ബിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് അന്നാ ഹസാരെയുടെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തെ തുടർന്ന് അഴിമതിക്കെതിരെ ഇന്ത്യയിൽ വലിയ പൊതുവികാരം ഉയർന്നുവന്നിരിക്കുന്നു. വിദ്യാർത്ഥികളും യുവജനങ്ങളും വീട്ടമ്മമാരുമടക്കമുള്ള വലിയ സമൂഹം ഹസാരെയുടെ സമരത്തിന് പല തലങ്ങളിൽ പിന്തുണ നൽകി. സിവിൽ സമൂഹത്തിന്റെ മുൻകൈയിലുള്ള പുതിയ ജനകീയ പ്രക്ഷോഭമായി സമരം വിലയിരുത്തപ്പെട്ടു. ജനലോക്പാൽ സർക്കാർ അംഗീകരിച്ചു. തുടർന്ന് യോഗഗുരു ബാബാരാംദേവ് കള്ളപ്പണം പിടിച്ചെടുക്കണമെന്നും അഴിമതി തടയണമെന്നും ആവശ്യപ്പെട്ട് അനിശ്ചിതകാല നിരാഹാരസമരവുമായി രംഗത്തെത്തി. രാംദേവിന്റെ സമരത്തിനെതിരെ നിരവധി ആക്ഷേപങ്ങൾ ഉയർന്നുവെങ്കിലും ഹാസരെയുടെ പ്രക്ഷോഭത്തിന്റെ ഭാഗമായി സിവിൽ സമൂഹത്തിൽ ഉണ്ടായ ഉണർവിന് തുടർച്ചകളുണ്ടാക്കാൻ രാംദേവിനും കഴിഞ്ഞു. അതേസമയം മുംബൈയിലെ ഖാർ – സാന്താക്രൂസ് മേഖലയിലെ 140 ഏക്കർ ഭൂമി സ്വകാര്യവ്യക്തികൾക്ക് കൈമാറുന്നതിന്റെ ഭാഗമായി ഗോളിബാർ മേഖലയിലെ 26,000 ചേരി നിവാസികളെ കുടിയൊഴിപ്പിക്കാനുള്ള നീക്കത്തിനെതിരെ മേധാപട്കറുടെ നേതൃത്വത്തിൽ നടന്ന നിരാഹാര സമരത്തിന് പൊതുസമൂഹത്തിന്റെ പിന്തുണ വേണ്ടത്ര ലഭിച്ചില്ല. മാധ്യമങ്ങളും മേധയുടെ സമരത്തെ പരിഗണിച്ചില്ല.

സർക്കാറിനും കോർപ്പറേറ്റുകൾക്കും പങ്കുള്ള അഴിമതിതന്നെയായിരുന്നു മേധയുടെ സമരത്തിന്റെ വിഷയം. നീതിനിഷേധങ്ങൾക്കും വിഭവങ്ങളുടെ മേലുള്ള കടന്നുകയറ്റങ്ങൾക്കുമെതിരെ നിരവധി അഹിംസാത്മക സമരങ്ങളും ജനാധിപത്യ പ്രക്ഷോഭങ്ങളും നടക്കുന്നുണ്ട്. ഇരകളുടെയും സാമൂഹികപ്രവർത്തകരുടെയും മുൻകൈയിൽ നടക്കുന്ന ഈ സമരങ്ങൾ സമൂഹത്തിലും ജനാധിപത്യസംവിധാനത്തിലും സൃഷ്ടിക്കുന്ന മാറ്റങ്ങൾ വിലയിരുത്തപ്പെടാതെ പോവുകയും ഹൈടെക് സമരങ്ങൾ ആഘോഷിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ സമരങ്ങളുടെ അന്ത:സത്തയേയും രാഷ്ട്രീയത്തേയും കുറിച്ച് കേരളീയം ചർച്ച ചെയ്യുന്നു.

**ചോദ്യങ്ങൾ**

**1.** ഉപവാസം എന്ന രാഷ്ട്രീയ സമരായുധത്തിന് എന്തുപറ്റുന്നു?

**2.** സത്യാഗ്രഹസമരങ്ങൾക്ക് അർത്ഥം നഷ്ടമാകുന്നുണ്ടോ?

**3.** മേധാപട്കർ നടത്തിയ നിരാഹാരവും രാംലീല മൈതാനിയിലെ നിരാഹാരവും വ്യത്യാസപ്പെടുന്നതെങ്ങനെ?

**4.** പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും പിന്തുണ മേധയ്ക്ക് കിട്ടാതെ പോയത് എന്തുകൊണ്ടാകാം?

**5.** നിങ്ങൾ ആരെ പിന്തുണയ്ക്കുന്നു?

**6.** നിലവിലുള്ള ജനാധിപത്യ തത്വങ്ങളുമായി ഈ സമരങ്ങൾ പൊരുത്തപ്പെടുന്നുണ്ടോ?

**7.** കരട് നിയമം നടപ്പിലാക്കുന്നതിൽ പൊതുസമൂഹത്തിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തി എന്നത് ഒരു നേട്ടമാണോ?

**8.** നിയമം രൂപകല്പന ചെയ്യുന്നതിൽ വൈദഗ്ധ്യമുള്ളവരുടെ ഇടപെടൽ സിവിൽ സമൂഹത്തിന്റെ പക്ഷത്ത് നിന്നും ഉണ്ടായാൽ അഴിമതി പോലെയുള്ള പ്രശ്നങ്ങൾ തടയപ്പെടുമോ?

**9.** ഒരോ വ്യക്തിയും അവരുടെ ആവശ്യവും ഉത്തരവാദിത്തവുമായി തിരിച്ചറിയുമ്പോഴും പ്രവർത്തിക്കുമ്പോഴുമല്ലേ അഴിമതിപോലെ ആഴങ്ങളിൽ വേരുകളുള്ള പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നത്?

